(ബി) കേന്ദ്ര റെയിൽവേ മന്ത്രാലയം തീരുമാനമെടുത്തിട്ടുള്ളതായി അറിവില്ല

(സി) ഇല്ല. (നിലമ്പൂർ റോഡ്-വയനാട്-നഞ്ചൻകോട് പാതയുടെ കാര്യം നിവേദനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.)

റിസർവ്വ് ബാങ്കിന്റെ നിയന്ത്രണത്തിലുള്ള സഹകരണ സ്ഥാപനങ്ങൾ

94 [532] ശ്രീ. ലൂഡി ലൂയിസ്:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീമതി രാധാരാഘവൻ:
ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ ഏതെല്ലാം ഗണത്തിൽപ്പെടുന്ന സഹകരണ സ്ഥാപനങ്ങളാണ് റിസർവ്വ് ബാങ്കിന്റെ നിയന്ത്രണത്തിന് വിധേയമായിട്ടുള്ളത്;

(ബി) ഏതെല്ലാം കാര്യങ്ങളിലാണ് ഇത്തരം സഹകരണ സ്ഥാപനങ്ങളുടെ മേൽ റിസർവ്വ് ബാങ്കിന് നിയന്ത്രണമുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക സഹകരണ അർബൻ ബാങ്കുകൾ എന്നിവയാണ് റിസർവ്വ് ബാങ്കിന്റെ നിയന്ത്രണത്തിന് വിധേയമായിട്ടുള്ളത്.

(ബി) ബാങ്കിംഗ് പ്രവർത്തനം നടത്തുന്നതു സംബന്ധിച്ച വിഷയങ്ങളിൻമേലാണ് റിസർവ്വ് ബാങ്കിന് നിയന്ത്രണമുള്ളത്.

എനിവെയർ ബാങ്കിംഗ് സിസ്റ്റം

95 [533] ശ്രീ. സ്റ്റീഫൻ ജോർജ്:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. തോമസ് ഉണ്ണിയാടൻ:
,, ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും സംയുക്തമായി 'എനിവെയർ ബാങ്കിംഗ് സിസ്റ്റം' നടപ്പാക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതി എന്നത്തേക്ക് പ്രാവർത്തികമാക്കാൻ കഴിയുമെന്നും അതിന്റെ പ്രയോജനങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും സംയുക്തമായി "എനിവെയർ ബാങ്കിംഗ് സിസ്റ്റം" നടപ്പിലാക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളതായി സംസ്ഥാന സഹകരണ ബാങ്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഇക്കാര്യത്തിലുള്ള സാങ്കേതിക സാദ്ധ്യതകൾ ആരാഞ്ഞുകൊണ്ടിരിക്കുന്നു.

(സി) സാദ്ധ്യതാ പഠനം പൂർത്തിയാക്കിയതിനു ശേഷം മാത്രമേ എന്നത്തേക്ക് പ്രാവർത്തികമാക്കാൻ കഴിയൂ എന്ന് വ്യക്തമാകുകയുള്ളൂ. കംപ്യൂട്ടർ ശൃംഖലയുടേയും വിവര സാങ്കേതിക വിദ്യയുടേയും നൂതന സാധ്യതകൾ പ്രയോജനപ്പെടുത്തി സഹകരണ ബാങ്കിംഗ് മേഖല ആധുനികവൽക്കരിക്കുന്നതിനും അതുവഴി ഇടപാടുകാർക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും കഴിയും.

സംസ്ഥാന സഹകരണ ബാങ്കുകളിൽ പി.എസ്.സി. വഴിയല്ലാതെ നടത്തിയ നിയമനങ്ങളും പ്രൊമോഷനുകളും

96 [534] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കിൽ പി.എസ്.സി.-യെ മറികടന്നുകൊണ്ട് നിയമനങ്ങളും പ്രൊമോഷനുകളും നടത്തിയത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) നിലവിലുള്ള ഭരണ സമിതി അധികാരം ഏറ്റെടുത്തതിനുശേഷം സംസ്ഥാന സഹകരണ ബാങ്കിൽ നാളിതുവരെ പി.എസ്.സി. വഴി അല്ലാതെ എത്ര നിയമനങ്ങൾ നടന്നു;

(സി) ഏതെല്ലാം തസ്തികകളിൽ എത്ര പേരെ നിയമിക്കുകയുണ്ടായി;

(ഡി) ഏത് നടപടി ക്രമത്തിലൂടെയാണ് നിയമനം നടത്തിയത്; നിയമനങ്ങൾ സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; എന്ത് നടപടി സ്വീകരിച്ചു;

LIBRARY ARCHIVES Kerala Legislative Assembly